തൃശ്ശൂർ ജില്ലയിൽ ഡി.റ്റി.പി.സി. നടപ്പിലാക്കി വരുന്ന വിവിധപദ്ധതികൾ

258 [1211] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ഡി.റ്റി.പി.സി. ഏറ്റെടുത്തു നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ ഏതൊക്കെയാണ്;

(ബി) തൃപ്രയാർ കനോലി കനാൽ വികസനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ;

(സി) ചേർപ്പ് മണ്ഡലത്തിൽ ഡി.റ്റി.പി.സി. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) പീച്ചിയിലെ ഉദ്യാനവും, ഡാം സൈറ്റുകളും, ഡി.റ്റി.പി.സി.-യുടെ പുമതലയിൽ വന്നതിനുശേഷം ഉണ്ടായ ഗുണപരമായ മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഇ) തേക്കിൻകാട് വികസനവുമായി ബന്ധപ്പെട്ട് ഡി.റ്റി.പി.സി. എന്തൊക്കെ പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(എഫ്) തൃശ്ശൂർ പുരം, ആറാട്ടുപുഴ പൂരം തുടങ്ങിയവയിൽ കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ കഴിയുംവിധം പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) പീച്ചിഡാം സൗന്ദര്യവത്ക്കരണം, മാളയിലെ ജൂതപള്ളിയുടെ പുനരുദ്ധാരണം, വിലങ്ങൻകുന്ന് നവീകരണം, വടക്കേച്ചിറയുടെ നവീകരണം എന്നീ പദ്ധതികളാണ് തൃശ്ശൂർ ജില്ലയിൽ ഡി.റ്റി.പി.സി. ഏറ്റെടുത്തു നടപ്പിലാക്കി വരുന്നത്.

(ബി) കനോലി കനാലിന്റെ വികസനവുമായി ബന്ധപ്പെട്ട് ഓപ്പൺ പവലിയന്റെ പണി അന്തിമഘട്ടത്തിലാണ്.

(സി) ഡി.റ്റി.പി.സി.-യുടെ ആഭിമുഖ്യത്തിൽ പുതിയ പദ്ധതികളൊന്നും നിലവിലില്ല.

(ഡി) പീച്ചിയിലെ ഉദ്യാനവും, ഡാം പരിസരവും ഡി.റ്റി.പി.സി.-യുടെ പുമതലയിൽ വന്നതിനുശേഷം ഇവിടേക്കുള്ള സന്ദർശകരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ഇ) തേക്കിൻകാട് വികസനവുമായി ബന്ധപ്പെട്ട് ഡി.റ്റി.പി.സി.-ക്ക് പദ്ധതികളൊന്നും തന്നെ ഇല്ല. ടൂറിസം വകുപ്പ് നേരിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(എഫ്) ടൂറിസം വകുപ്പിന്റെ പരസ്യപ്രചാരണ പരിപാടികളിൽ ഈ മഹോത്സവങ്ങൾക്ക് അർഹമായ സ്ഥാനം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly